(ബി) വനവികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതി തയ്യാറാക്കുന്നതിന് ശാസ്ത്രീയ സമീപനം സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) വന സംരക്ഷണത്തിനും വനാതിർത്തികളുടെ സർവ്വേകൾക്കുംവേണ്ടി എന്തെങ്കിലും നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) ഉണ്ട്. വനവികസന പ്രവർത്തനങ്ങളിൽ അപാകതകളും പോരായ്മകളും യഥാസമയം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാറുണ്ട്. അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ മേൽ ഉദ്യോഗസ്ഥന്മാർ അവ നേരിട്ടു പരിശോധിക്കുകയും അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാറുമുണ്ട്. കൂടാതെ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിൽ ഇത്തരം പോരായ്മകളും അപാകതകളും യഥാസമയം കണ്ടുപിടിച്ച് അവ പരിഹരിക്കുന്നതിന് ഒരു വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ടി വിഭാഗം പരാതികളുടെ അടിസ്ഥാനത്തിലും അല്ലാതെയും പ്രവർത്തനങ്ങൾ നേരിട്ട് പരിശോധിക്കുകയും പരിശോധനാ വേളയിൽ ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായാൽ കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കാറുമുണ്ട്.

(ബി) വനവികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതി തയ്യാറാക്കുന്നതിന് ശാസ്ത്രീയമായ സമീപനം സ്വീകരിക്കുന്നുണ്ട്. ഓരോ പ്രദേശത്തിന്റെയും നിജസ്ഥിതി പരിശോധിച്ചശേഷമാണ് ശാസ്ത്രീയമായി അവിടെ നടത്തേണ്ട വികസന പ്രവർത്തനങ്ങളുടെ പദ്ധതി തയ്യാറാക്കുന്നത്. ഓരോ ഡിവിഷന്റെയും വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ ഉൾക്കൊള്ളിച്ച് സമഗ്രമായ വർക്കിംഗ് പ്ലാൻ ഉണ്ടാക്കി ഇത് കേന്ദ്ര സർക്കാർ പരിശോധിച്ച് അംഗീകരിച്ച ശേഷമാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

(സി) വനസംരക്ഷണത്തിനായി ജനപങ്കാളിത്തത്തോടുകൂടിയ വനപരിപാലനം, ജനപങ്കാളിത്തത്തോടുകൂടിയുള്ള കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, ജൈവ വൈവിദ്ധ്യ സംരക്ഷണത്തിനായുള്ള പ്രത്യേക പരിപാലന പ്രവർത്തനങ്ങൾ എന്നീ നൂതന സംവിധാനങ്ങൾ നടപ്പിലാക്കുന്നുണ്ട്. സാങ്കേതികമായി എഫ്.ഐ.എം.എസ്സ്., ജി. ഐ. എസ്സ്. എന്നീ പുതിയ സംവിധാനങ്ങൾ രൂപീകരിച്ചിട്ടുണ്ട്. വനഭൂമി സർവ്വെ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ആധുനിക സർവ്വെ സാമഗ്രികൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഉപ്പുവെള്ളംമൂലം ഉണ്ടാകുന്ന കൃഷിനാശം തടയാൻ നടപടി

*14 [543] ശ്രീ. തോമസ് ചാഴികാടൻ:

" കെ. നാരായണക്കുറുപ്പ്:

" റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ നെൽകൃഷിക്ക് ഭീഷണിയായി ഉപ്പുവെള്ളം കയറുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതുസംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) കഴിഞ്ഞ വർഷം ഉപ്പുവെള്ളം കയറി എത്രമാത്രം കൃഷിനാശം ഉണ്ടായിട്ടുണ്ട്;

(ഡി) കായംകുളം കായലും കടലുമായി ചേരുന്ന ഭാഗത്ത് തണ്ണീർമുക്കം ബണ്ട് മാതൃകയിൽ ഒരു സംവിധാനം ഏർപ്പെടുത്തുമോ;

(ഇ) തോട്ടപ്പള്ളി സ്പിൽവേ, തൃക്കുന്നുപ്പുഴ ചീപ്പ്, തണ്ണീർമുക്കം ബണ്ട് എന്നിവയുടെ കേടുപാടുകൾ നീക്കുവാൻ നടപടി സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്.

(ബി) ഉണ്ട്. 2003-04 വർഷം ഉപ്പുവെള്ളം കയറിയതിനാൽ 13586 ഹെക്ടർ പ്രദേശത്ത് പൂർണ്ണമായി കൃഷിനാശം സംഭവിച്ചിട്ടുണ്ട്.

(സി) 13586 ഹെക്ടർ സ്ഥലത്തെ നെൽകൃഷി പൂർണ്ണമായും നശിച്ചു. കൂടാതെ 10894 ഹെക്ടർ പ്രദേശത്തെ നെൽകൃഷി ഭാഗികമായും നശിച്ചു. ഇതു പ്രകാരം മൊത്തം 48,96,00,000 രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) ഈ കാര്യത്തിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

(ഇ) തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവേ, തൃക്കുന്നുപ്പുഴ ചീപ്പ് എന്നിവ നന്നാക്കി പുനഃസ്ഥാപിക്കുന്ന നടപടി മൈനർ ഇറിഗേഷൻവകുപ്പ് സ്വീകരിച്ചുവരുന്നു.

പ്രധാനമന്ത്രി പ്രഖ്യാപിച്ച കാർഷിക പാക്കേജിൽനിന്നുള്ള സഹായം

*15 [544] ശ്രീ. ടി. കെ. ദേവകുമാർ:

„ കോടിയേരി ബാലകൃഷ്ണൻ:

„ എം. വി. ജയരാജൻ:

„ എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി പ്രഖ്യാപിച്ച കാർഷിക പാക്കേജിൽ നിന്നുള്ള സഹായം കേരളത്തിലെ കർഷകർക്ക് ലഭിക്കുന്നതിനായി സർക്കാർ നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) വരൾച്ചയും വിലത്തകർച്ചയുംമൂലം കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്തവരുടെ കുടുംബങ്ങൾക്ക് ആനുകൂല്യം നൽകുന്നതിനു സർക്കാർ നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

LIBRARY ARCHIVES Kerala Legislative Assembly